16861
1/8/17

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് — പഞ്ചായത്ത് ജീവനക്കാര്യം — കണ്ടാണശ്ശേരി ഗ്രാമപഞ്ചായത്തിൽ അപകടാവസ്ഥയിലായിരുന്ന വില്ലേജ് എക്സ്റ്റൻഷൻ ഓഫീസ് കെട്ടിടം പൊളിച്ച നടപടി — സാധൂകരിച്ച് — ഉത്തരവ് പുറപ്പെടുവിക്കുന്നു.

==========================================================

**തദ്ദേശ സ്വയംഭരണ (ഇപിബി) വകുപ്പ്**

സ.ഉ.(സാധാ) നം.2509/2017/തസ്വഭവ — തീയതി, തിരുവനന്തപുരം, 22.07.2017

==========================================================

പരാമർശം:
1. കണ്ടാണശ്ശേരി ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ശ്രീ. റൂബി ഫ്രാൻസിസ് സമർപ്പിച്ച അപേക്ഷ
2. പഞ്ചായത്ത് ഡയറക്ടറുടെ 04.12.2012-ലെ ഡി7-13022/12 നമ്പർ കത്ത്
3. ഗ്രാമവികസന കമ്മീഷണറുടെ 30.04.2012, 27.09.2013 എന്നീ തീയതികളിലെ 28590/JRYZ/2011/CRD നമ്പർ കത്തുകൾ
4. 17.04.2013-ലെ 60266/ഇപിബി3/2012/തസ്വഭവ നമ്പർ സർക്കാർ കത്ത്

**ഉത്തരവ്**

കണ്ടാണശ്ശേരി വില്ലേജ് എക്സ്റ്റൻഷൻ ഓഫീസ് കെട്ടിടം സർക്കാരിന്റെയോ, ഗ്രാമവികസന വകുപ്പിന്റെയോ മുൻകൂർ അനുമതി കൂടാതെ പൊളിച്ച് നീക്കിയ കണ്ടാണശ്ശേരി ഗ്രാമപഞ്ചായത്ത് സെക്രട്ടറിയ്ക്കെതിരെ ഉചിതമായ ശിക്ഷണ നടപടി സ്വീകരിക്കണമെന്ന ഗ്രാമവികസന കമ്മീഷണറുടെ ശുപാർശയിന്മേലുള്ള അച്ചടക്ക നടപടി ഒഴിവാക്കണമെന്ന് കണ്ടാണശ്ശേരി ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് പരാമർശം (1) പ്രകാരം അപേക്ഷിക്കുകയുണ്ടായി.

സർക്കാർ അനുമതി ലഭിക്കുന്നതിന് മുമ്പ് വി.ഇ.ഒ. ഓഫീസ് പൊളിച്ചുനീക്കി തൽസ്ഥാനത്ത് പുതിയ കെട്ടിട നിർമ്മാണം ആരംഭിക്കുന്നതിന് ഉത്തരവാദിയായ കണ്ടാണശ്ശേരി ഗ്രാമപഞ്ചായത്ത് സെക്രട്ടറിക്കെതിരെ ഉചിതമായ ശിക്ഷണ നടപടി സ്വീകരിക്കണമെന്ന് ഗ്രാമവികസന കമ്മീഷണർ, പഞ്ചായത്ത് ഡയറക്ടറെ അറിയിച്ചിരുന്നു. സർക്കാർ അനുമതിയില്ലാതെ വില്ലേജ് എക്സ്റ്റൻഷൻ ഓഫീസ് കെട്ടിടം പൊളിച്ച നടപടി ന്യായീകരിക്കത്തക്കതല്ലെങ്കിലും കെട്ടിടത്തിന്റെ അപകടാവസ്ഥ, പുതിയ നിർമ്മാണം സംബന്ധിച്ച ഫണ്ട് ലാപ്സാകാതിരിക്കൽ എന്നീ ഉദ്ദേശങ്ങളോടെ ഗ്രാമപഞ്ചായത്ത് കമ്മിറ്റിയുടെ തീരുമാനത്തിന് വിധേയമായുള്ള പ്രവർത്തനം മാത്രമാണ് ഗ്രാമപഞ്ചായത്ത് സെക്രട്ടറി നിർവ്വഹിച്ചിട്ടുള്ളതെന്നും പ്രസ്തുത വിഷയം സംബന്ധിച്ച നിയമവശം ഗ്രാമപഞ്ചായത്ത് കമ്മിറ്റിയിൽ ടിയാൻ ചൂണ്ടിക്കാട്ടുകയും ചെയ്തിട്ടുണ്ടെന്ന് പഞ്ചായത്ത് ഡയറക്ടർ സൂചന (2) പ്രകാരം റിപ്പോർട്ട് ചെയ്തിരുന്നു.

ഇക്കാര്യങ്ങൾ വിശദമാക്കി സർക്കാർ, ഗ്രാമവികസന കമ്മീഷണർക്ക് പരാമർശം (4) പ്രകാരം കത്ത് നൽകുകയും ഗ്രാമവികസന കമ്മീഷണർ സർക്കാരിന് നൽകിയ മറുപടിയിൽ സർക്കാരിന്റേയോ, വകുപ്പിന്റേയോ മുൻകൂർ അനുമതി ലഭ്യമാക്കാതെ കണ്ടാണശ്ശേരി വില്ലേജ് എക്സ്റ്റൻഷൻ ഓഫീസ് പൊളിച്ച് മാറ്റിയ കണ്ടാണശ്ശേരി ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ നടപടി ന്യായീകരിക്കാവുന്നതല്ല എങ്കിലും ടിയാന്റെ നടപടിയ്ക്ക് സാധൂകരണം നൽകാവുന്നതാണ് എന്ന് അഭിപ്രായപ്പെടുകയുണ്ടായി.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. സർക്കാർ അനുമതിയില്ലാതെ വി.ഇ.ഒ. കെട്ടിടം പൊളിച്ച നടപടി ന്യായീകരിക്കത്തക്കതല്ലെങ്കിലും കെട്ടിടത്തിന്റെ അപകടാവസ്ഥ, പുതിയ നിർമ്മാണം സംബന്ധിച്ച ഫണ്ട് ലാപ്സാകാതിരിക്കൽ എന്നീ ഉദ്ദേശങ്ങളോടെ ഗ്രാമപഞ്ചായത്ത് കമ്മിറ്റിയുടെ തീരുമാനത്തിന് വിധേയമായുള്ള പ്രവർത്തനം മാത്രമാണ് ഗ്രാമപഞ്ചായത്ത് സെക്രട്ടറി നിർവ്വഹിച്ചിട്ടുള്ളതെന്നതിനാലും കൂടാതെ പ്രസ്തുത വിഷയം സംബന്ധിച്ച നിയമവശം ഗ്രാമപഞ്ചായത്ത് കമ്മിറ്റിയിൽ ടിയാൻ ചൂണ്ടിക്കാട്ടുകയും ചെയ്തിട്ടുണ്ടെന്ന് പഞ്ചായത്ത് ഡയറക്ടർ റിപ്പോർട്ട് ചെയ്ത സാഹചര്യത്തിൽ കണ്ടാണശ്ശേരി ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ നടപടി സാധൂകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു. ഇക്കാര്യത്തിൽ ആവശ്യമായ തുടർനടപടികൾ പഞ്ചായത്ത് ഡയറക്ടർ സ്വീകരിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**പാറ്റ്സി സ്റ്റീഫൻ**
ഡെപ്യൂട്ടി സെക്രട്ടറി

1. ശ്രീ. റൂബി ഫ്രാൻസിസ്, പ്രസിഡന്റ്, കണ്ടാണശ്ശേരി ഗ്രാമപഞ്ചായത്ത്
   (പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം മുഖേന)
2. പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
3. അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്), കേരള, തിരുവനന്തപുരം/തൃശ്ശൂർ
4. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തൃശ്ശൂർ
5. ഡയറക്ടർ, ഐ.കെ.എം, തിരുവനന്തപുരം
6. വെബ് & ന്യൂ മീഡിയ, സൗത്ത് ബ്ലോക്ക്, ഗവ. സെക്രട്ടേറിയറ്റ്, തിരുവനന്തപുരം
7. കരുതൽ ഫയൽ/ഓഫീസ് കോപ്പി (ഫയൽ നം.60266/ഇപിബി3/2012/തസ്വഭവ)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ